തനതു കാർഷിക വിളകളുടെ ആഗോള വിപണനം

230 (1669) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഞവര നെല്ല്,വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ രാജ്യാന്തര വിപണിയിൽ വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പോളിഹൗസ് ഫാർമിംഗ് പ്രോത്സാഹിപ്പിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൗസ് ഫാമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നകാര്യം സർക്കാർ പരിഗണിയ്ക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ തനതു കാർഷിക വിളകൾ ആഗോള വിപണിയിൽ എത്തിക്കുന്നതിന് സർക്കാർ പ്രത്യേകമായി പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഈ ലക്ഷ്യം മുൻനിർത്തി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ മുതൽ കാർഷികോല്പന്ന കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ പ്രതിനിധികൾ വരെയുള്ളവരെ ഉൾപ്പെടുത്തികൊണ്ട് ഒരു ആഗോള കാർഷിക സംഗമം (ഗ്ലോബൽ അഗ്രോ മീറ്റ്) 2014 നവംബർ 6, 7 എന്നീ തീയതികളിലായി അങ്കമാലിയിൽ വച്ച് നടത്തുകയുണ്ടായി.

(ബി) അങ്കമാലിയിൽ വച്ച് 2014 നവംബർ 6, 7 തീയതികളിൽ നടന്ന ആഗോള കാർഷിക സംഗമത്തിൽ നീര, ഞവര അരി, വാഴക്കുളം പൈനാപ്പിൾ, പാലക്കാടൻ മട്ട, മലബാർ കുരുമുളക് എന്നീ ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ സംരംഭകരുടെ മുന്നിൽ അവതരിപ്പിച്ചിരുന്നു.

(സി) പോളിഹൗസ് ഫാമിംഗ് ഉൾപ്പെടെയുള്ള ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രികൾച്ചർ എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയനുസരിച്ച് അഞ്ച് സെന്റ് മുതൽ ഒരു ഏക്കർ വരെ

LIBRARY ARCHIVES Kerala Legislative Assembly

വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിച്ച് കൃഷി ചെയ്യുന്നതിന് ആകെ ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് മുതൽ മുടക്കിനാവശ്യമായ ഇക നിലവിലെ വ്യവസ്ഥകളനുസരിച്ച് ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള സേവനവും ലഭ്യമാക്കുന്നു. കേരളത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) മലബാർ മേഖല കേന്ദ്രീകരിച്ച് പോളിഹൗസ് ഫാമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി

231 (1670) ശ്രീ. പാലോട് രവി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാമുകളിൽ ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതികൾക്ക് മുൻഗണന നൽകികൊണ്ടുള്ള കൃഷി പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് അനുബന്ധമായി ജൈവ വളത്തിന്റെ ലഭ്യത, എല്ലാ കൃഷി ഫാമുകളിലും ഉറപ്പാക്കാൻ പശു വളർത്തൽ കേന്ദ്രങ്ങൾ എല്ലാ ഫാമുകളിലും

LIBRARY ARCHIVES Kerala Legislative Assembly